# <u>ആംബുലൻസ് ലേലം</u>

**91419/ENG. DIV-S5-ASST-3/2025/Admn (I)　　　　　　　　01.11.2025**

**<u>കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള 2010 മോഡൽ ആംബുലൻസ്, KL 55 G 6296, ടാറ്റ വിങ്ങർ (55860 കി മീ) 05/11/2025 രാവിലെ 11.30 ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ വച്ച് ലേലം ചെയ്യുന്നു.</u>**

1.ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയും (ആധാർ), പാൻ കാർഡും ഹാജരാക്കേണ്ടതാണ് (ഒറിജിനലും ഫോട്ടോകോപ്പിയും).

2. നിരതദ്രവ്യം ₹ 5000/- (അയ്യായിരം രൂപ മാത്രം) ലേലത്തിന് മുൻപായി അടയ്ക്കേണ്ടതാണ്.

3. തപാൽ വഴി കൊട്ടേഷൻ നൽകുന്നവർ ഫിനാൻസ് ഓഫീസർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി യുടെ പേരിൽ S B I കാലിക്കറ്റ് യൂണിവേഴ്സിറ്റി ബ്രാഞ്ചിൽ മാറാവുന്ന ₹ 5000/- (അയ്യായിരം രൂപ മാത്രം) യുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലം ലഭിക്കാത്ത പക്ഷം ഡ്രാഫ്റ്റ് തുക തിരികെ ലഭിക്കുന്നതാണ്.

4. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/കൊട്ടേഷൻ ഉറപ്പിച്ച വ്യക്തി അന്നേ ദിവസം (05/11/2025) 2.30 P M ന് മുൻപായി മുഴുവൻ തുകയും സർവ്വകലാശാല ഫണ്ടിൽ അടയ്ക്കേണ്ടതാണ് .അല്ലാത്ത പക്ഷം നിരതദ്രവ്യം അറിയിപ്പൊന്നും കൂടാതെ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതാണ്.

5. ഏറ്റവും കൂടുതൽ തുക കോട്ട് ചെയ്യുന്ന ആൾ വാഹനം എടുക്കാത്ത പക്ഷം തൊട്ടു താഴെ തുകകൾ വിളിച്ച 2 പേരിൽ ആദ്യത്തെ ആളിനും, അയാൾക്ക് കഴിയുന്നില്ലെങ്കിൽ മൂന്നാമത്തെ ആളിനും അവസരം ഉണ്ടായിരിക്കും. അന്നേ (05/11/2025) ദിവസം 4 P M വരെയാണ് ഇവർക്ക് തുക അടയ്ക്കുന്നതിന് ലഭ്യമാകുന്ന സമയം. തുക അടയ്ക്കാൻ തയ്യാർ ആകാത്ത പക്ഷം രണ്ടാമത്തെയും മൂന്നാമത്തെയും ആളുടെ നിരതദ്രവ്യവും മേൽപ്പറഞ്ഞ രീതിയിൽ നഷ്ടമാകുന്നതാണ്.

6. വാഹനം ലേലം പിടിക്കുന്നയാൾ RC സ്വന്തം പേരിലേക്ക് മാറ്റുന്നതിനുള്ള ചിലവ് സ്വയം വഹിക്കേണ്ടതാണ്. രെജിസ്ട്രേഷൻ നടത്തുന്നതിനുള്ള സഹായങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തുതരുന്നതാണ്. സന്നദ്ധ സംഘടനകൾ /സ്ഥാപനങ്ങൾ വാഹനം ലേലം പിടിക്കുന്ന പക്ഷം RC ഉടമസ്ഥന്റെ പേര് മോട്ടോർ വാഹന വകുപ്പ് നിർദ്ദേശ പ്രകാരം ഒരാളുടെയോ /സ്ഥാപനത്തിന്റെയോ പേരിൽ (അനുവദനീയമെങ്കിൽ) മാറ്റാൻ തയ്യാറാകേണ്ടതാണ്.

7. വാഹനത്തിനു നിലവിൽ നിയമലംഘനങ്ങൾക്ക് ഫൈൻ ഒന്നും തന്നെയില്ല. ആകെ ഓടിയ കിലോമീറ്റർ 55860 (അൻപത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത്)

8.മതിയായ കരണമുണ്ടെങ്കിൽ ഏതൊരു കൊട്ടേഷനും നിരസിക്കാനും ലേലനടപടികൾ റദ്ദുചെയ്യാനുമുള്ള അധികാരം യൂണിവേഴ്സിറ്റി എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

യൂണിവേഴ്സിറ്റി എഞ്ചിനീയർ,
കാലിക്കറ്റ് സർവകലാശാല